LIBRARY ARCHIVES Kerala Legislative Assembly

മത്സ്യഭവനിലും പ്രോജക്ട് കോ-ഓഡിനേറ്റർമാരും അക്വാകൾച്ചർ പ്രൊമോട്ടർമാരും പ്രവർത്തിക്കുന്നുണ്ട്. മത്സ്യകർഷകർക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി ജില്ലയിൽ 197.76 ഹെക്ടർ ശുദ്ധജല മത്സ്യകൃഷിയും 41.33 ഹെക്ടർ ഓരുജല മത്സ്യകൃഷിയും 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനായിട്ടുണ്ട്. കൂടാതെ PMMSY, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായുള്ള ബയോഫ്ളോക്ക് 105 യൂണിറ്റും വീട്ടുവളപ്പിലെ കുളങ്ങളിലെ മത്സ്യകൃഷി 291 യൂണിറ്റും കരിമീൻ കൃഷി 5 യൂണിറ്റും ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. കാർപ്പ് മത്സ്യം, നൈൽ തിലാപ്പിയ, ആസാംവാള, തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, വരാൽ, കാരി/കൂരി തുടങ്ങിയ മത്സ്യങ്ങൾ ശുദ്ധജലത്തിലും കരിമീൻ, കാളാഞ്ചി, കാര ചെമ്മീൻ, കല്ലുമ്മക്കായ തുടങ്ങിയ ഇനങ്ങൾ ഓരുജലത്തിലും ജില്ലയിലെ മത്സ്യകർഷകർക്ക് വളർത്തുന്നതിനുള്ള സാങ്കേതിക, സാമ്പത്തിക സഹായം വകുപ്പ് പ്രധാനം ചെയ്യുന്നുണ്ട്. മത്സ്യകൃഷിയിടങ്ങൾക്ക് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകുന്നതിനുള്ള നടപടികളും മത്സ്യകൃഷിക്കായി കർഷകർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നൂതന കൃഷി സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിനും കൂടുതൽ അറിവ് ലഭിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു. പരപ്പനങ്ങാടി ഉള്ളണത്തെ ഗവൺമെന്റ് ഹാച്ചറി വഴി കർഷകർക്ക് ആവശ്യമായ മത്സ്യവിത്തുകൾ ഉത്പാദിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ജില്ലയിൽ കാർപ്പ്, പൂമീൻ എന്നീ മത്സ്യകുഞ്ഞുങ്ങൾ നിക്ഷേപിക്കുന്ന പദ്ധതി 9 സ്ഥലങ്ങളിലായി നടത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ പട്രോളിംഗ് ഊർജിതമാക്കുകയും അതുവഴി ഊത്തപിടുത്തം തുടങ്ങി അനധികൃത മത്സ്യബന്ധന രീതികൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറി

281(587) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഹാച്ചറിയിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) കോതമംഗലം മണ്ഡലത്തിൽ ക്ലരികളം ഭ്രതത്താൻ കെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ ഹാച്ചറി കെട്ടിടം, നഴ്സറി കുളങ്ങൾ, ബ്രൂഡ് മത്സ്യകുളം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, സർക്കാർ ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ എന്നിവിടങ്ങളിൽ നിന്നും മത്സ്യസ്പോൺ എടുത്ത് വളർത്തി ഫിങ്കർലിങ്ക്സ് (4 സെ.മീ) വലുപ്പത്തിലാക്കി കർഷകർക്ക് വിതരണം ചെയ്യുവരുന്നു. നാളിതുവരെ ആകെ 43.21 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ പരിപാലിച്ച് വിൽപ്പന നടത്തിയിട്ടുണ്ട്. കൂടാതെ നടപ്പുസാമ്പത്തികവർഷം 10 ലക്ഷം മത്സ്യ കുഞ്ഞുങ്ങളുടെ ഉൽപ്പാദനം നടന്നുവരുന്നു.

(സി) ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXV -ൽ ഉൾപ്പെടുത്തി 1120 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഇതിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്തവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഓവർഹെഡ് വാട്ടർ ടാങ്ക്, 2 ബ്രൂഡ് സ്റ്റോക്ക് കുളങ്ങൾ, 27 റിയറിംഗ് കുളങ്ങൾ, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്, ചുറ്റുമതിൽ, അപ്രോച്ച് റോഡ്, സി.സി.ടി.വി., ഹൈമാസ്സ് ലൈറ്റ്, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പദ്ധതിയുടെ സാങ്കേതികാനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കലും മണ്ണ് പരിശോധനയും പൂർത്തീകരിച്ചിട്ടുണ്ട്. ഹാച്ചറിയുടെ ഡിസൈനിംഗ് വർക്ക് നടന്നുവരുന്നു. രണ്ടാംഘട്ട പ്രോജക്ടിന് സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(എഫ്) മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണതോതിൽ മത്സ്യോല്പാദനത്തിന് എന്നത്തേയ്ക്ക് സജ്ജമാക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ?

(ഇ&എഫ്) നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യോൽപ്പാദനവും വിപണനവും നടന്നുവരുന്നു. പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾക്കുശേഷം 12 മാസം കൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണ തോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മത്സ്യകൃഷി പുനരുദ്ധരിക്കാൻ നടപടികൾ

282(588) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ മത്സ്യഫെഡിന് കീഴിലുള്ള ഞാറയ്ക്കൽ, മാലിപ്പുറം ഫിഷ് ഫാമുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

മത്സ്യഫെഡിന്റെ കീഴിലുള്ള ഫിഷ് ഫാമുകളിൽ (ഞാറയ്ക്കൽ, മാലിപ്പുറം) പരമ്പരാഗത രീതിയിലുള്ള മത്സ്യകൃഷി, ചെമ്മീൻ വാറ്റ് (Prawn filtration) എന്നിവയാണ് നടന്നു വന്നിരുന്നത്. ഇതോടൊപ്പം പ്രകൃതി സൗഹൃദ (Eco friendly) അക്വാടൂറിസവും നടന്നുവരുന്നു. മത്സ്യോൽപ്പാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകൃഷിയും പെൻകൃഷി (Pen Culture)-യും 2017-18 മുതൽ നടത്തി വരുന്നുണ്ട്. 2018-ലും 2019-ലും പ്രളയത്തിൽ വളരെയേറെ നഷ്ടങ്ങൾ ഈ ഫാമിലുണ്ടായി. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി, മത്സ്യഫെഡ് ഭരണസമിതി, ഈ രണ്ട് ഫാമുകളിലും പ്രകൃതിസൗഹൃദ ശാസ്ത്രീയ മത്സ്യ / ചെമ്മീൻ കൃഷി നടത്തുന്നതിനുള്ള തീരുമാനം 2020 ജൂലൈയിൽ എടുക്കുകയും അതിനനുസരിച്ച് മത്സ്യകൃഷിയിൽ വിദഗ്ധന്റെ സാങ്കേതികവിദ്യ സഹായം ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് വിവിധ തയ്യാറെടുപ്പുകൾ / പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly